പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2129

11/02/2020 ൽ മറുപടി നല്കേണ്ടത്.

## വർക്കല താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.വി. ജോയി** | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| (എ) വർക്കല താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനായി പുതുതായി നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള കെട്ടിടത്തിലെ ഇലക്ട്രിക്ക് പ്രവൃത്തികൾ പൂർത്തിയാക്കുവാൻ ആവശ്യമായ ഫണ്ട് ലഭ്യമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഗവ. ഉത്തരവ്. ജി.ഒ (ആർ.റ്റി) 2714/2016/എച്ച് & എഫ്.ഡബ്ല്യൂ .ഡി തീയതി 6.10.2016 പ്രകാരം 111.15 ലക്ഷം രൂപ മെഡിസിൻസ്, കൺസ്യൂമബിൾസ് എക്യുപ്മെന്റ്സ് എന്നിവയ്ക്ക് KMSCL- ലേയ്ക്കും, 219.54 ലക്ഷം രൂപ ഇൻഫ്രാസ്ട്രക്ച്ചർ, പ്ലംബിംഗ് ഇലക്ട്രിഫിക്കേഷൻ, എയർകണ്ടീഷൻ എന്നിവയ്ക്ക് PWD യിലേക്കും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ കെട്ടിട നിർമ്മാണത്തിന്റെ സിവിൽ വർക്കുകൾ പൂർത്തീകരിച്ചപ്പോൾ ഏകദേശം നാൽപതു ലക്ഷം രൂപയുടെ "സേവിംഗ്സ്" വരുകയും അത് ഇലക്ട്രിക് പണിക്കായി ഉപയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. വർക്കല താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന് ആവശ്യമായ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയാറാക്കുകയും ആയതിൽ 8.57 ലക്ഷം രൂപയുടെ ഇലക്ട്രിക് വർക്കുകൾക്ക് എസ്റ്റിമേറ്റ് തുക നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഇലക്ട്രിക്ക് പ്രവൃത്തികൾക്കായി പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗം എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് അടിയന്തരമായി ഫണ്ട് അനുവദിക്കുമോ; ആയതിന്റെ നടപടികൾ വിശദമാക്കാമോ? | (ബി) പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക് വിഭാഗം സമർപ്പിച്ച 31 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നൽകുന്നതിന് വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ